# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5289 — 23.05.2017-ൽ മറുപടിയ്ക്ക്.

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട പദ്ധതികളുടെ മാർഗ്ഗരേഖ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. വി. കെ. സി. മമ്മത് കോയ<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട പദ്ധതികളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള 2017 - 18 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് ആസൂത്രണ സമിതിയും വർക്കിംഗ് ഗ്രൂപ്പുകളും അടിയന്തിരമായി രൂപീകരിച്ച് മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനും വികസനരേഖ തയ്യാറാക്കുന്നതിനും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പദ്ധതി ആസൂത്രണ നിർവ്വഹണം സംബന്ധിച്ച വിശദമായ മാർഗ്ഗരേഖകളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കേവലം പദ്ധതി നിർവഹണം എന്നതിലുപരി സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | തുടർച്ചാസാധ്യതയുള്ള, പരിസ്ഥിതിരക്ഷ ഉറപ്പാക്കുന്ന, സാമൂഹ്യ നീതി മുറുകെ പിടിക്കുന്ന, സാമ്പത്തിക വളർച്ചയുടെ ഒരു ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്നതാണ് ലക്ഷ്യം. ഓരോ വികസന മേഖലയിലെയും നിലവിലുള്ള പ്രശ്നങ്ങൾ വിശകലനം ചെയ്ത വികസന കാഴ്ച്ചപ്പാട്, നയ സമീപനം, തന്ത്രം |

| | | | |
|---|---|---|---|
| | | | എന്നിവ രൂപപ്പെടുത്തി പ്രോജക്ടുകൾ രൂപപ്പെടുത്തുന്ന രീതി അവലംബിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുകയും വേണം. ഇത്തരത്തിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് സുസ്ഥിര വികസനം ഉറപ്പാക്കുകയാണ് ലക്ഷ്യം. |
| (സി) | സർക്കാരിന്റെ വിവിധ മിഷനുകൾ നടപ്പാക്കുന്നതിനും ഭക്ഷ്യവിളകളിൽ സ്വയംപര്യാപ്തത നേടുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികൾ ഊന്നൽ നൽകുന്നുണ്ടോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ? | (സി) | ഉണ്ട്. മിഷൻ പ്രവർത്തങ്ങൾ പ്രാദേശിക പദ്ധതികളുമായി സംയോജിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിൽ പ്രാധാന്യം നൽകി ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കാർഷികോല്പന്നങ്ങളുടെ കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന ഉദ്ദേശ്യത്തോടെ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**